21. പി.എച്ച്.സി. ഏടിക്കുളം
22. പി.എച്ച്.സി. എളവല്ലി.
23. പി.എച്ച്.സി. ചൊക്ളി
24. പി.എച്ച്.സി. ചേലോറ
25. പി.എച്ച്.സി. പപ്പാരപ്പടവ്
26. പി.എച്ച്.സി. അഞ്ചടിക്കടവ്
27. പി.എച്ച്.സി. ആലക്കോട് (മർത്തലി)
28. പി.എച്ച്.സി. ആലക്കോട് (മണ്ടകടവ്)
29. പി.എച്ച്.സി. ന്യൂമാഹി.
30. പി.എച്ച്.സി. കരിക്കോടത്തറി
31. പി.എച്ച്.സി. വേങ്ങോട്

(ബി) ഇല്ല.

(സി) ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

കുടുംബാസൂത്രണ ശസ്ത്രക്രിയയ്ക്കു വിധേയരായവർക്ക് ലഭിക്കുന്ന ഓണറേറിയം

146 (150) പ്രൊഫ: മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബാസൂത്രണ ശസ്ത്രക്രിയയ്ക്കു വിധേയരാകുന്ന സ്ത്രീകൾക്ക് നൽകുന്ന ഓണറേറിയം യഥാസമയം നൽകാറുണ്ടോ ;

(ബി) ഇപ്രകാരം ഓണറേറിയം ലഭിക്കാത്തവർ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) 1994 ഫെബ്രുവരി ആദ്യ ആഴ്ചയിൽ തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പിപിഎസ് നടത്തിയ ശ്രീമതി ആർ. കൃഷ്ണകുമാരിക്ക് ഓണറേറിയം നൽകിയിട്ടുണ്ടോ എന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതി ഒന്നും ലഭിച്ചിട്ടില്ല.

(സി) ഫെബ്രുവരി ആദ്യവാരത്തിൽ പി. പി. എസ് നടത്തിയ ശ്രീമതി ആർ. കൃഷ്ണകുമാരിക്ക് (C/o. മണി, മുല്ലശ്ശേരി വീട്, ചിറക്കുളം, വഞ്ചിയൂർ) 18-2-1994-ൽ ഓണറേറിയം നൽകിയിട്ടുള്ളതായി ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly